മംഗളവാർത്താക്കാലം
(നാലാം ഞായർ)



# എമ്മാവൂസ് വചനദൂത്

# യേശുവിന്റെ ജനനം

ബ്ര. ജിൻസ് ജോസ് പുതുശ്ശേരിക്കാലായിൽ MCBS | മത്തായി 1:18 - 25 (Vol. 9, Issue 32)

*“കൊടിയ പീഡനക്കുരിശിലാണിയിൽ*
*തറഞ്ഞൊടുങ്ങുന്ന*
*പുതിയ രക്ഷകനിവർക്കു വേണ്ടിനി*
*ഇവർക്ക് വേണമിന്നിരുട്ടിൽ നിന്നൊരാൾ*
*ഉദിച്ചു പൊങ്ങിയീ ദുരിതജന്മത്തിൻ*
*കൈപിടിക്കുവോൻ: അബലയെ*
*പിഞ്ചുശിശുവിനെ, പാവം പതിതയെ*
*പരിചിൽ ചേർത്തു നിർത്തുവോൻ...*
*അവനു വേണ്ടിയാണിവർക്കു*
*ഗ്ലോറിയാ...”*

പ്രളയദുരിതങ്ങളും രാഷ്ട്രീയ-മത വിവാദങ്ങളും ഉയർത്തുന്ന വീർപ്പുമുട്ടലിൽ വിഷമിക്കുന്ന മലയാളിയെ നോക്കി ശ്രീ. സെബാസ്റ്റ്യൻ പള്ളിത്തോട് ‘പ്രളയകാലത്തെ ഗ്ലോറിയ’ എന്ന കവിതയിലെഴുതിയ വരികളാണിവ. ജീവിതം വല്ലാതെ വിഷമിപ്പിക്കുമ്പോൾ എല്ലാവരും ആഗ്രഹിക്കുന്നത് ‘രക്ഷ’ യാണ്. പ്രതീക്ഷിക്കുന്നത് ഒരു രക്ഷകനെയാണ്. വർഷങ്ങളായി ഒരു രക്ഷകനെ കാത്തിരുന്ന യഹൂദ ജനത്തിന്റെ കാത്തിരിപ്പിന് അവസാനം കുറിച്ചുകൊണ്ട് പാപികൾക്കും പതിതർക്കും ആരുമില്ലാത്തവർക്കും ആശ്വാസമായി, അന്ധകാരത്തിന് മേൽ ഉദിച്ചുയർന്ന നക്ഷത്രമാണ് ക്രിസ്തു. സകലർക്കുമുള്ള രക്ഷയായി, മതത്തിലും മനസ്സിലും ജന്മത്തിലും ജനത്തിലുമൊക്കെ കയറിക്കൂടിയ സകല തിന്മകളെയും വിമലീകരിക്കാനായി ഉദയം ചെയ്ത ദിവ്യപൈതലിന്റെ ജനനത്തിന് പിന്നിലെ ദൈവിക രഹസ്യങ്ങൾ വെളിപ്പെടുത്തുകയാണ് വി. മത്തായി ഇന്നത്തെ സുവിശേഷത്തിലൂടെ.

ആദ്യം എഴുതപ്പെട്ടത് മർക്കോസിന്റെ സുവിശേഷം ആണെങ്കിലും ക്രിസ്തുവിന്റെ ജനനത്തെക്കുറിച്ച് മർക്കോസ് സുവിശേഷകൻ ഒന്നും പറയുന്നില്ല. അതിനാൽത്തന്നെ യേശു ആരായിരുന്നു എന്നും അവൻ എങ്ങനെ ജനിച്ചു എന്നുമുള്ള ആദിമ ക്രൈസ്തവരുടെ തർക്കങ്ങൾക്കുള്ള ഉത്തരമായിട്ടാണ് ഈശോയുടെ ജനനത്തെക്കുറിച്ച് വി. മത്തായി വിവരിക്കുന്നത്. മാതാവിനുണ്ടായ മംഗളവാർത്തയും യൗസേപ്പിതാവ് കണ്ട സ്വപ്നവും യേശുവിന്റെ ജനനവുമൊക്കെ വിവരിച്ചതിന് ശേഷം, പുത്രനെ പ്രസവിക്കുന്നത് വരെ അവനവളെ അറിഞ്ഞില്ല എന്ന് വചനം പറയുന്നതിന്റെ പൊരുൾ, ഇന്ന് പ്രൊട്ടസ്റ്റന്റ് സമൂഹങ്ങൾ ഉയർത്തുന്നതു പോലെ മാതാവിന്റെ കന്യാത്വത്തിന് മുന്നിൽ ഒരു ചോദ്യചിഹ്നമായല്ല മറിച്ച് യേശു യാതൊരു കാരണവശാലും ജോസഫിൽ നിന്നുണ്ടായതല്ല എന്ന് പഠിപ്പിക്കാനാണ്. ‘അവൾ ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്ന് പേരിടണം’ എന്ന് ദൈവം ജോസഫിന് വെളിപ്പെടുത്തിയ ദൂത് അവതരിപ്പിച്ച് കൊണ്ട് ‘കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ ഇമ്മാനുവൽ എന്ന് വിളിക്കപ്പെടും’ (ഏശ. 3:14) എന്ന ഏലിയാ പ്രവാ

ചകന്റെ പ്രവചനത്തിലെ ഇമ്മാനുവൽ യേശു ത ന്നെയാണെന്ന് വി. മത്തായി അടിവരയിട്ട് ഉറപ്പി ക്കുന്നു.

അഗ്നിസ്തംഭത്തിലൂടെയും മേഘത്തൂണിലൂടെ യും മാത്രം ദൈവസാന്നിധ്യം അറിഞ്ഞിരുന്ന, കൊ ടുങ്കാറ്റിലൂടെയും ഇടിമുഴക്കത്തിലൂടെയും ഭൂകമ്പ ത്തിലൂടെയും ദൈവസ്വരം ശ്രവിച്ചിരുന്ന പഴയനി യമ പശ്ചാത്തലത്തിൽ നിന്നും വിഭിന്നമായി ഇ വിടെ ദൈവം നമ്മിലൊരുവനായി-മനുഷ്യനായി അവതരിച്ചിരിക്കുന്നു. ദൈവം നമ്മോടു കൂടെയു ണ്ട് എന്നതിന്റെ സന്തോഷമാണ് ക്രിസ്തുമസ്സ്. ഈ സന്തോഷം ആദ്യം അനുഭവിച്ചത് പരിശുദ്ധ അ മ്മയും യൗസേപ്പിതാവും ആയിരുന്നു. തീർത്തും അപരിചിതമായ നാട്ടിൽ അപരിചിതരുടെ ഇടയി ൽ ഒരു ശിശുവിന് ജന്മം നൽകുവാൻ വേണ്ട ഏറ്റ വും പരിമിതമായ സാഹചര്യം പോലും ഇല്ലാതി രുന്നിടത്ത് തങ്ങളുടെ പിഞ്ചുപൈതലിന്റെ ഓമ നത്വം തുളുമ്പുന്ന മുഖത്തു നോക്കി സർവ്വവും മ റന്ന് പുൽക്കൂട്ടിലിരുന്നപ്പോൾ ദൈവം കൂടെയു ള്ളതിന്റെ സന്തോഷം ആഘോഷിക്കുകയായിരു ന്നു പരിശുദ്ധ അമ്മയും യൗസേപ്പിതാവും. ദൈവം മണ്ണിലിറങ്ങിയതിന്റെ കൂടെ വസിക്കുന്നതിന്റെ സ ന്തോഷം പിന്നീട് ആട്ടിടയന്മാരിലേയ്ക്കും ജ്ഞാ നികളിലേയ്ക്കും പടർന്ന് ഇന്ന് വിശ്വവ്യാപൃതമാ യിരിക്കുന്നു.

എന്നിട്ടും ഒറ്റപ്പെട്ടു പോയി എന്ന ചിന്തയാണ് ഇന്ന് മനുഷ്യനെ ഏറ്റവും കൂടുതൽ വേദനിപ്പിക്കു ന്നത്. ദൈവം കൂടെയുള്ളതിന്റെ സന്തോഷം ആ ഘോഷിക്കാനാവാതെ നിരാശരായി നാം മാറുന്ന തും അതുകൊണ്ടാണ്. വളർത്തി വലുതാക്കിയ ത ങ്ങളെ മറന്ന മക്കളെക്കുറിച്ചോർത്ത് ദുഃഖിക്കുന്ന മാതാപിതാക്കൾ, ആവശ്യത്തിന് സ്നേഹമോ കരു തലോ തരാതെ തങ്ങളെ ഉപേക്ഷിച്ച് പോയ മാതാ പിതാക്കളെ ഓർത്ത് കരയുന്ന മക്കൾ, ആവശ്യനേ രത്ത് കൂടപ്പിറപ്പുകൾ കൈയ്യൊഴിഞ്ഞ് ഒറ്റപ്പെടുത്തി യതിന്റെ നൊമ്പരവുമായി നടക്കുന്നവർ, ഒറ്റപ്പെ ടുത്തലിന്റെ സങ്കടം, ഒരടി പോലും മുന്നോട്ട് പോ കാൻ കഴിയാത്തവിധം ഒരുവനെ വേദനിപ്പിക്കു മ്പോൾ പരിചിൽ ചേർത്ത് തോളിൽ കൈയ്യിട്ട് ദൈ വം ആശ്വസിപ്പിക്കുന്നു, നീ തനിച്ചല്ല. കരയരുത്, ഞാൻ നിന്റെ കൂടെയുണ്ട്. ഒരു പരാതിക്കും ഇട നൽകാതെ എന്നും ചേർത്ത് നിർത്താൻ ഒരാളുണ്ട് എന്ന ഉറപ്പാണ് ക്രിസ്തുമസ്സ്.

ചിതറിക്കപ്പെട്ട ഇസ്രായേൽ ജനം ഒരുമിച്ചുകൂടി തങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ട ദേശത്ത് തിരി ച്ചെത്താൻ താണ്ടിയത് 40 ദുരിതവർഷങ്ങളായിരു ന്നു. മനസ്സ് മടുക്കാതെ, ശരീരം തളരാതെ, പാലും തേനും ഒഴുകുന്ന വാഗ്ദാന ഭൂമിയിലേയ്ക്ക് പ്രവേ ശിക്കാൻ അവർക്ക് സാധിച്ചത് ദൈവസാന്നിധ്യ ത്തിന്റെ പ്രതീകമായ പേടകം അവരോട് കൂടെ യുണ്ടായിരുന്നത് കൊണ്ടാണ്. തങ്ങളെക്കാൾ ശ ക്തരായ അമലേക്യരെ നേരിടാൻ ഇസ്രായേൽ ഇ റങ്ങിപ്പോയതും ദൈവസാന്നിധ്യം കൂടെയുണ്ട് എ ന്ന ഉറപ്പിലായിരുന്നു.

ജീവിതയുദ്ധത്തിൽ പരാജയപ്പെടാതിരിക്കാൻ മനുഷ്യന് ആരുടെയങ്കിലും സഹായം ആവശ്യ മാണെന്ന് ദൈവത്തിനറിയാമായിരുന്നു. അത് മ നുഷ്യകരങ്ങൾ തന്നെയായാൽ, ശിരസ്സ് പിളർക്കു ന്ന വാൾ തങ്ങൾക്ക് മുകളിലെത്തിയാൽ അവരിൽ പലരും പിൻവാങ്ങിയേക്കാം എന്ന് ഉറപ്പുണ്ടായ ത് കൊണ്ടാണ് സ്നേഹിക്കുന്നവർക്ക് വേണ്ടി ചങ്ക് പറിച്ച് കൊടുക്കുന്ന-ജീവൻ നൽകുന്ന ഒരുവനായി ദൈവം കാലിത്തൊഴുത്തിൽ പിറന്നത്. മനുഷ്യന്റെ കൂടെ വസിക്കാനായിട്ടാണ് അവൻ മണ്ണിലേയ്ക്കി റങ്ങിയത്. ദൈവം ഇറങ്ങിയ മണ്ണാണ് മനുഷ്യൻ. ദൈവം മനുഷ്യനിലിറങ്ങിയതിന്റെ തിരുനാളാണ് ക്രിസ്തുമസ്സ്. നമ്മുടെ ഉള്ളിലുള്ള ദൈവത്തെ തി രിച്ചറിയാതെ പോകുന്നു എന്നതാണ് പലപ്പോഴും നമ്മുടെ പരാജയത്തിന്റെ കാരണവും. ആർത്തിര മ്പുന്ന കടലിന് മുന്നിൽ ശിഷ്യന്മാർ ഭയന്ന് അല റിവിളിച്ചതും രക്ഷിക്കുന്ന ദൈവം തങ്ങളുടെ നൗ കയിലുണ്ടെന്ന് മറന്നുപോയത് കൊണ്ടാണ്.

ഇനി നമ്മളാരും തനിച്ചല്ല. എന്റെ തീരാവിഷമ ങ്ങൾ കണ്ട്, വറ്റാത്ത കണ്ണുനീർ കണ്ട്, എന്റെ ഉള്ളി ലേയ്ക്കിറങ്ങി വന്ന്, ഒപ്പം വസിക്കുന്ന ഒരു ദൈവം കൂട്ടിനുള്ളവനാണ് ഞാൻ. എല്ലാവരാലും തിരസ് കൃതനായി ആർക്കും വേണ്ടാത്തവനായി/വേണ്ടാ ത്തവളായി ജനിച്ചവനാണ്/ജനിച്ചവളാണ് എന്ന് ഇനിയൊരു കുഞ്ഞും കരയാതിരിക്കാനാണ് ഏ റ്റവും ദരിദ്രമായ സാഹചര്യത്തിൽ അവൻ ജനിച്ച ത്. നിർണ്ണായക നിമിഷങ്ങളിൽ മാതാപിതാക്ക ളോ, മക്കളോ, സഹോദരങ്ങളോ, ജീവിതപങ്കാളി യോ, സുഹൃത്തുക്കളോ തനിച്ചാക്കി മാറിനിന്നു എന്നോർത്ത് കരയുന്നവരെ നോക്കി അവൻ പറ യുന്നു; കുരിശിലേയ്ക്കുള്ള യാത്രയിൽ ഒപ്പമുണ്ടാ കും എന്ന് വാഗ്ദാനം നൽകിയവരൊക്കെയും തനി ച്ചാക്കി പോയ ജീവിതമാണ് എന്റെതും. നീ കരയ രുത്, ഞാൻ കൂടെയുണ്ട്. നിന്റെ വേദനകൾ എനി ക്കറിയാം.

ക്രിസ്തുമസ്സിന് വളരെ അടുത്തെത്തി നിൽ ക്കുന്ന ഈ ദിനങ്ങളിൽ നമ്മുടെ ചിന്ത, നമ്മുടെ കൂടെ എപ്പോഴുമുള്ള ദൈവത്തെ കുറിച്ചാകട്ടെ. വെ റും ഒരുപിടി മണ്ണായ എന്നിലേയ്ക്ക് ദൈവം ഇറ ങ്ങി വന്നതിന്റെ ഓർമ്മ പുതുക്കുന്ന ക്രിസ്തുമസ്സ് നാളുകളിൽ നമുക്ക് പ്രാർത്ഥിക്കാം, എല്ലാ ദിനവും ഈശോ ജനിക്കുന്ന ഈ ബലീപീഠത്തിന് മുന്നി ലായിരിക്കുമ്പോൾ അവിടുത്തെ സ്വീകരിക്കാൻ ന മ്മുടെ മനസ്സിനെയും ശരീരത്തെയും ഒരുക്കണമേ എന്ന്. കൂടെ വസിക്കുന്ന ദൈവത്തിന്റെ കൂടെയാ യിരുന്ന് കൊണ്ട് ജീവിതപ്രശ്നങ്ങളെ നേരിടാൻ, വിജയിക്കാൻ ശക്തി തരണമേ എന്ന്.

ആമേൻ.